## 14

# ശ്രേഷ്ഠമാനസം ഭഗവാന്റെ വാസഗൃഹം

ഫാ. ഫ്രാൻസിസ് കണിച്ചിക്കാട്ടിൽ സി.എം.ഐ.

വിശുദ്ധ യൗസേപ്പിതാവിന്റെ നാമധേയത്തിലുള്ള ഒരു തീർത്ഥകേന്ദ്ര മാണ് പാവറട്ടി. മധ്യകേരളത്തിലെ ഈ വലിയ തീർഥാടന കേന്ദ്ര ത്തിൽ ധാരാളമാളുകൾ സന്ദർശനത്തിനായി എത്താറുണ്ട്. വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിലുള്ള ഇടവക പള്ളിയും, സെന്റ് തോമ സിന്റെ പേരുള്ള സി.എം.ഐ. ആശ്രമവും വളരെ അടുത്താണ് സ്ഥിതി ചെയ്യുന്നത്. വിശുദ്ധ കൊച്ചുത്രേസ്യായോടുള്ള പ്രത്യേക ഭക്തിയുടെ ഇടമാണ് പാവറട്ടി ആശ്രമദേവാലയം. ഡൺസ്റ്റനച്ചൻ പള്ളിയുടെയും ആശ്രമത്തിന്റെയും തണലിലാണ് വളർന്നു വന്നത്. പാവറട്ടിയിലെ പ്രസിദ്ധമായ ഒലക്കേങ്കിൽ തറവാട്ടിലാണ് അദ്ദേഹം 1920-ൽ ജനിച്ച ത്. സെന്റ് ജോസഫ് ഹൈസ്കൂളിൽ സ്കൂൾ പഠനം പൂർത്തിയാക്കി, ചെത്തിപ്പുഴ, അമ്പഴക്കാട് എന്നിവിടങ്ങളിൽ സന്യാസവൈദീക പരി ശീലനത്തിന് ശേഷം 1947-ൽ വൈദീകപട്ടം സ്വീകരിച്ചു. അദ്ദേഹം തന്റെ ജീവിതത്തിന്റെ അധികഭാഗവും യോഗാർഥികളുടെ റെക്ടറായും സന്യാസികളുടെ ആത്മീയ ഗുരുവായിട്ടാണ് പ്രവർത്തിച്ചത്. ദേവ മാതാ പ്രവിശ്യയിൽ, വരന്തരപ്പിള്ളിയിലും, എൽത്തുരത്തിലുമായി അദ്ദേഹം വളരെ പേരുടെ റെക്ടറായി സേവനം ചെയ്തിട്ടുണ്ട്. 1979-1982 വർഷങ്ങളിൽ അമ്പഴക്കാട് സന്യാസ ഗുരുക്കന്മാരുടെ ടീമിൽ അംഗ മായിരുന്നു. കോയമ്പത്തൂർ പ്രവിശ്യയുടെ ആരംഭത്തോടു കൂടി ഡൺസ്റ്റ നച്ചൻ കോയമ്പത്തൂരിലേക്ക് സ്ഥലം മാറിപ്പോയി. അവിടെയും വളരെ വർഷങ്ങൾ നവസന്യാസികളുടെയും യോഗാർഥികളുടെയും ഗുരുവായി സേവനമനുഷ്ഠിച്ച് 2006-ൽ കർത്താവിൽ നിദ്ര പ്രാപിച്ചു.

ഒലക്കേങ്കിൽ കുടുംബം, ദൈവഭക്തിയിലും ദൈവപേടിയിലും ജീവി ച്ചിരുന്ന ഒരു പുരാതന കുടുംബമാണ്. ഡൺസ്റ്റണച്ചന്റെ അനുജന്റെ മകൻ പാവറട്ടി സ്കൂളിൽ നല്ലൊരു അദ്ധ്യാപകനായിരുന്നു. വേറൊരു മകൻ പാലക്കാട് രൂപതയിൽ ഇടവക വൈദികനാണ്. ഇനിയുമൊ



Kanichikattil, Francis. "Shreshtamanasam Bhagavante Vasagraham" in Dheerghadarshi: Dunstonachan by W. J. Tharayil, pages 61-64, Coimbatore: Preshitha Communications, 2020.

രാൾ എം.എം.ബി. സഭയിൽ ജനറാൾ സ്ഥാനം അലങ്കരിച്ചിട്ടുണ്ട്. തറവാട്ടിലുള്ള ഇളയ തലമുറയും പുണ്യശ്ലോകനായ ഡൺസ്റ്റണച്ചന്റെ മാതൃക പിൻചെലുന്നവരാണ്.

എന്റെ യോഗാർത്ഥി ജീവിതത്തിൽ ഞാൻ എസ്.എസ്.എൽ.സി.ക്ക് പഠിക്കുന്ന വർഷമാണ് ഡൺസ്റ്റണച്ചനെ ആദ്യമായി കണ്ടുമുട്ടുന്നത്. അദ്ദേഹം വരന്തരപ്പിള്ളിയിൽ നിന്നും എൽത്തുരുത്ത് യോഗാർത്ഥികളുടെ റെക്റ്റർ ആയി വന്ന സമയം. ഓരോരുത്തരുടെയും അടുത്തു വന്ന് പഠന വിശേഷങ്ങൾ അറിയുമായിരുന്നു. ആ വർഷം എസ്.എസ്. എൽ.സി.ക്ക് ഞങ്ങൾ നല്ല മാർക്കോട് കൂടി വിജയം വരിച്ചു. എൽത്തുരുത്ത് പഠനത്തിനു ശേഷം ഞങ്ങൽ വരന്തരപ്പിള്ളിയിലേക്ക് ഭാഷാപഠനത്തിന് പോകുവാൻ ഒരുങ്ങി കൊണ്ടിരിക്കുന്ന കാലഘട്ടം. ആ സമയത്താണ് സഭയിൽ ഒരു പുതിയ നിയമം വന്നത്: നവസന്യാസ ഭവനത്തില്ക്ക് പോകുന്നതിന് മുമ്പ് എല്ലാവരും പ്രീഡിഗ്രി പാസായിരിക്കണം. വരന്തരപ്പിള്ളിക്ക് പകരം ഇരിഞ്ഞാലക്കുടയിലേക്ക് പ്രീഡിഗ്രി പഠിക്കുവാൻ പോകാൻ ഒരുങ്ങണമെന്ന് ഞങ്ങളോട് ആവശ്യപ്പെട്ടു. അന്ന് അവിടേക്ക് പോകാൻ ആർക്കും ഇഷ്ടം ഉണ്ടായില്ല. എങ്കിലും ഡൺസ്റ്റണച്ചൻ കോളേജ് ജീവിതത്തെ പറ്റിയും പഠനത്തിന്റെ പ്രാധാന്യത്തെപ്പറ്റിയുമെല്ലാം ഞങ്ങളെ ഉപദേശിച്ചു തന്ന് പഠനത്തിനായി ഒരുക്കി, ഇരിഞ്ഞാലക്കുടയിൽ കൊണ്ടുവന്നാക്കി.

ഞാൻ വൈദികനായ ശേഷം ഡൺസ്റ്റണച്ചനെ കൂടുതൽ പരിചയപ്പെടുന്നത് അമ്പഴക്കാട് സന്യാസഭവനത്തിൽ വച്ചാണ്. പുതിയ നിയമപ്രകാരം നവസന്യാസഭവനത്തിൽ മൂന്നു പേരുടെ ഒരു ടീം ആണ് നവസന്യാസികളുടെ പരിശീലനത്തിന് ചുമതല വഹിച്ചിരുന്നത്. ഫാദർ പോൾ കടിച്ചീനി (റെക്റ്റർ), ഫാദർ ഡൺസ്റ്റൻ, ഫാദർ ഫ്രാൻസിസ് കണിച്ചികാട്ടിൽ എന്നിവരായിരുന്നു ആ ടീം അംഗങ്ങൾ. 1979–1982 വർഷം, 3 പേരും പ്രായവ്യത്യാസം ഉണ്ടായിരുന്നെങ്കിലും ഒരു ടീമായി ഒരുമയോടെ പ്രവർത്തിച്ചിരുന്നു. നവസന്യാസികൾ അതിനോട് വളരെ ക്രിയാത്മകമായി പ്രതികരിച്ചിരുന്നു. ഡൺസ്റ്റനച്ചന്റെ ദീർഘകാലത്തെ പരിശീലനത്തിലുള്ള അറിവും അതിലുപരി അദ്ദേഹത്തിന്റെ ആത്മീയതയും ഞങ്ങൾക്കും നവസന്യാസിക്കും ഒരു മുതൽ കൂട്ടായിരുന്നു. വളരെ തുറന്ന മനോഭവത്തോടെയാണ് ഞങ്ങൾ അന്ന് പ്രവർത്തിച്ചിരുന്നത്. നവസന്യാസികൾക്ക് സ്വാതന്ത്ര്യം വേണം; സമകാലിക സാഹചര്യങ്ങളുമായി അവർ മുമ്പോട്ട് പോകണം എന്ന് ഡൺസ്റ്റണച്ചൻ ആഗ്ര

ഹിച്ചിരുന്നു. ഡൺസ്റ്റനച്ചൻ എല്ലാ കാര്യങ്ങൾക്കും ഒരു പോലെ ചൂണ്ടു പലകയായിരുന്നു, പരിശീലനത്തിൽ ദീർഘകാലത്തെ പരിചയമുള്ള ഒരു ഗുരുഭൂതൻ എന്ന നിലയിൽ.

എല്ലാ അർത്ഥത്തിലും അദ്ദേഹത്തിന്റെ ആശയങ്ങളോട് ഞങ്ങൾ രണ്ടുപേരും യോജിച്ചിരുന്നു. അദ്ദേഹം നവസന്യാസികൾക്ക് ക്ലാസ്സുകൾ എടുത്തിരുന്നു. അവരുടെ പൂന്തോട്ട നിർമ്മാണത്തിനും മറ്റും തോട്ടപ്പണികളിലും വേണ്ട നേതൃത്വം നൽകിയിരുന്നു. ഡൺസ്റ്റനച്ചൻ നോവിസസിന് പേഴ്സണൽ കോൺഫറൻസ് നടത്തുമ്പോൾ ഭക്തി പാരമ്യത്തിൽ ലയിച്ചു പോകുമായിരുന്നുവെന്ന് നവസന്യാസികൾ പറയാറുണ്ട്. മുറിയിൽ അദ്ദേഹം ദീർഘസമയം പ്രാർത്ഥനയിൽ ചിലവഴിച്ചിട്ടുണ്ട്. ഭക്ഷണത്തിന് അദ്ദേഹത്തെ വിളിച്ചു കൊണ്ടു വരേണ്ട അവസരമുണ്ടായിട്ടുണ്ട്. ഡൺസ്റ്റനച്ചനിൽ ഞാൻ ദർശിച്ച ഏതാനും മുത്തുകളാണ് താഴെ പറയുന്നത്.

## നിഷ്കർഷയുള്ള ഉത്തമ സന്യാസി

ഡൺസ്റ്റനച്ചൻ ഒരു ഉത്തമ സന്യാസിയായിരുന്നു. ആദ്ദേഹത്തിന്റെ രൂപവും ഭാവവും ഇടപെടലുകളും എല്ലാം ആ സത്യം വിളിച്ചു പറഞ്ഞിരുന്നു. ദാരിദ്ര്യത്തെ സ്നേഹിച്ച്, കീഴ്വഴക്കത്തോടെ ബ്രഹ്മചാരിയായി അദ്ദേഹം ജീവിച്ചു. ബ്രഹ്മനിൽ ചരിക്കുന്നവരാണ് ബ്രഹ്മചാരി. അദ്ദേഹത്തിന്റെ ജീവിതം മുഴുവനും ക്രിസ്തുവിൽ കേന്ദ്രീകൃതമായിരുന്നു.

## പ്രാർത്ഥനയുടെ മനുഷ്യൻ

ദൈവസ്നേഹവും പരസ്നേഹവും ദൈവത്തിൽ എത്തുവാനുള്ള രണ്ടു ചിറകുകളാണ് എന്ന് ആത്മീയ പിതാക്കന്മാർ പഠിപ്പിച്ചിട്ടുണ്ട്. പ്രർത്ഥനയ്ക്ക് സമൂഹജീവിതത്തിൽ വളരെ വലിയ സ്ഥാനമുണ്ട്. ഡൺസ്റ്റനച്ചൻ ഒരു പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു. മണിക്കൂറുകൾ അദ്ദേഹം ദിവ്യകാരുണ്യ സന്നിധിയിൽ ചിലവഴിക്കുമായിരുന്നു. ഡൺസ്റ്റനച്ചന്റെ രൂപം ആന്തരീക പ്രാർത്ഥനയ്ക്കായി ജീവിതം സമർപ്പിച്ച തൂണിന്മേൽ ശിമയോൻ, വിശുദ്ധ അമ്മ ത്രേസ്യ, വിശുദ്ധ യോഹന്നാൻ ക്രൂസ് എന്നിവരുടെ ഓർമ്മ എന്നിൽ കൊണ്ടുവരുമായിരുന്നു.

## ദൈവരാജ്യത്തിൽ ദൃഷ്ടി ഉറപ്പിച്ചവൻ

ഭൗതികമായ യാതൊന്നും ഡൺസ്റ്റനച്ചനെ ദൈവത്തിൽ നിന്നും അകറ്റിയിരുന്നില്ല. അദ്ദേഹത്തിന്റെ ജീവിതം ദൈവരാജ്യത്തിൽ ദൃഷ്ടി ഉറപ്പിച്ചിരുന്നു. ദൈവരാജ്യത്തിനു വേണ്ടി എന്ത് സേവനം ചെയ്യുവാനും അദ്ദേഹം തയ്യാറായിരുന്നു. അദ്ദേഹം എപ്പോഴും നിഷ്പാദുകനായിട്ടാണ് കാണപ്പെട്ടിരുന്നത്. ബസ്സിലായിരുന്നു പ്രായമായിട്ടും യാത്ര നടത്തിയിരുന്നത്.

## ശ്രേഷ്ഠ മാനസം ഭഗവാന്റെ വാസഗൃഹം

രാമായണത്തിൽ ഒരിടത്ത് പറയുന്നുണ്ട് ശ്രേഷ്ഠ മാനസമാണ് ഭഗവാന്റെ വാസസ്ഥലം: മൺകട്ടയേയും കല്ലിനേയും സ്വർണ്ണത്തിനേയും തുല്യമായി കാണുന്ന ശ്രേഷ്ഠ മാനസരുടെ ഹൃദയങ്ങളിൽ അവിടുന്ന് വസിച്ചിരുന്നു. ഡൺസ്റ്റനച്ചൻ അപ്രകാരമുള്ള ഒരു ഗുരുവര്യനായിരുന്നു. ഇഹത്തിലെ ആഗ്രഹങ്ങളൊന്നും ആ ശ്രേഷ്ഠ മനസ്സിനെ കീഴ്പ്പെടുത്തിയിരുന്നില്ല. അത് എന്നും ക്രിസ്തുവിൽ വിലയം കൊണ്ടിരുന്നു.

ദീർഘകാലം ഒരുത്തമ സന്യാസിയായി ജീവിച്ച്, നിഷ്പാദുകനായി, നവസന്യാസികൾക്കും യുവസന്യാസികൾക്കും മാതൃക നൽകിക്കൊണ്ട് അദ്ദേഹം കടന്നു പോയി. അദ്ദേഹത്തിന്റെ മാതൃകയും ആശയങ്ങളും സന്യാസസഭാംഗങ്ങൾക്ക് ഒരു വലിയ പ്രചോദനമാണ്. സാർവ്വത്രിക സഭയിൽ എല്ലാവരും വണങ്ങുന്ന ഒരു വിശുദ്ധനായി അദ്ദേഹം വിരാചിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.